# ദളിത് പ്രതിരോധങ്ങൾ: മനോജ് വെങ്ങോലയുടെ കഥകളിൽ

**ഹലീല് റഹ്മാൻ വി. എം.**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം.
ആർ എൽ വി ഗവ. കോളേജ്, തൃപ്പൂണിത്തുറ
Email: haleelrahman38@gmail.com

**സംഗ്രഹം**

മനോജ് വെങ്ങോല എഴുതിയ പറയപ്പതി, പൊറള് എന്നീ കഥകളെ അടിസ്ഥാനമാക്കി ദളിത്ജീവിതത്തെ വിശകലനം ചെയ്യാനുള്ള ശ്രമമാണ് പ്രബന്ധം. മുഖ്യധാരാകൃതികളിൽ രേഖപ്പെടുത്താതെ പോയ കീഴാളരുടെ ജീവിതം കൂടി ഉൾപ്പെടുന്നതാണ് ചരിത്രം. സാമൂഹികമായ അവസരനഷ്ടത്തിന്റെ യാതനകൾ പേറുന്നതും കീഴാളർ തന്നെ. ദളിത് ആഖ്യാനങ്ങൾ മുഖ്യധാരയുടെ അവഗണനയ്ക്കെതിരായ പോരാട്ടം കൂടിയാണ്.

**താക്കോൽവാക്കുകൾ:** ഭൂമി, ജാതി, പുനരധിവാസം, വികസനം, വീണ്ടെടുപ്പ്, പതി, തെറി, അഭാവം.

സമകാലിക ചെറുകഥയിലെ ശ്രദ്ധേയനായ എഴുത്തുകാരനാണ് മനോജ് വെങ്ങോല. വൈവിധ്യം നിറഞ്ഞ പ്രമേയങ്ങളും അവതരണത്തിലെ നവീനതയും അദ്ദേഹത്തിന്റെ കഥകളെ വ്യത്യസ്തമാക്കുന്നു. പറയപ്പതി, പൊറള്, പെരുമ്പാവൂർ യാത്രിനിവാസ്, വെയിൽ വിളിക്കുന്നു എന്നിവ അദ്ദേഹത്തിന്റെ കഥാസമാഹാരങ്ങളാണ്. ഉത്തരാധുനിക കഥാകൃത്തുകൾക്കിടയിൽ ഉൾക്കരുത്തുള്ള കഥകളിലൂടെ സ്വന്തം നിലപാട് ഉറപ്പിക്കുകയാണദ്ദേഹം. ശക്തമായ വാക്കുകളും പദഘടനയും ബിംബങ്ങളും വളച്ചുകെട്ടില്ലാത്ത ആവിഷ്കാരരീതിയും കൊണ്ട് മികച്ചവയാണ് ഓരോ കഥയും.

മനോജിന്റെ ചെറുകഥകളായ പൊറള്, പറയപ്പതി എന്നിവയിലെ ദളിത് ജീവിതപരിസരങ്ങളെ വിശദീകരിക്കാനാണ് ലേഖനത്തിൽ ശ്രമിക്കുന്നത്. സാഹിത്യം കാലത്തിനു നേർക്കുപിടിച്ച കണ്ണാടിയാണെന്നിരിക്കേ സമൂഹത്തിലെ വരേണ്യരുടെ ലോകത്തെയും ആശയങ്ങളെയും മാത്രം ഉയർത്തിക്കാട്ടിയാൽ ഭാഗികപ്രതിഫലനം മാത്രമാകും. അരികുവൽക്കരിക്കപ്പെട്ട മനുഷ്യർ കൂടി ഉൾപ്പെടുമ്പോഴേ സാഹിത്യവും ചരിത്രവുമെല്ലാം അല്പമെങ്കിലും പൂർണ്ണതയിലെത്തൂ.

നവോത്ഥാന മുന്നേറ്റങ്ങൾ ധാരാളമുണ്ടായ കേരളത്തിലും ദളിതരോടുള്ള മനോഭാവം ഇനിയും മാറേണ്ടതുണ്ടെന്ന് ചൂണ്ടിക്കാട്ടുകയാണ് കഥാകാരൻ.

"എറിഞ്ഞും കൊല്ലാം
പറഞ്ഞും കൊല്ലാം.
എറിഞ്ഞു കൊന്നാൽ ചാവും.
പറഞ്ഞു കൊന്നാൽ പിടഞ്ഞേ ചാകൂ. "

മനോജ് വെങ്ങോലയുടെ പൊറള് എന്ന കഥയുടെ തുടക്കവാചകമാണിത്. വിളിച്ചുചൊല്ലൽ എന്ന സവിശേഷമായ ആചാരത്തിന്റെ സാധ്യതകളെ കഥ വ്യക്തമാക്കുന്നു. കഥപറച്ചിലിന്റെ തീക്ഷ്ണതയെക്കൂടി വെളിപ്പെടുത്തുന്ന വാക്യമാണിത്. ദളിത് ജീവിതത്തെ അക്ഷരങ്ങളിലേക്കു തോറ്റിയെടുത്ത് വായനക്കാരന്റെ ഹൃദയങ്ങളിൽ വിളിച്ചുചൊല്ലലിന്റെ മുഴക്കമായി പടർത്തുന്ന കഥ. കാണാതെ പോയ അക്ഷരങ്ങളെ വീണ്ടെടുക്കുന്ന കഥയായി പൊറള് മാറുന്നു. യാഥാസ്ഥിതികമായ സാഹിത്യസങ്കൽപ്പങ്ങളെ, ചരിത്രബോധ്യങ്ങളെ പൊളിച്ചെഴുതുകയാണ് കഥാകാരൻ.

അധികാരത്തിന്റെയും തിന്മയുടെയും ചിഹ്നമായ തോക്കുചൂണ്ടലിലാണ് കഥാരംഭം. കുരുവിള സാറിന്റെ മുറ്റത്തെ പൂച്ചെടികൾ പരിചരിച്ചുകൊണ്ടിരിക്കുമ്പോൾ തലയ്ക്കു പിന്നിൽ ആരോ ചൂണ്ടുവിരൽ അമർത്തുമ്പോലൊരു തോന്നൽ ജ്യോതിയ്ക്കു തോന്നി. ഞെട്ടിത്തിരിഞ്ഞു നോക്കുമ്പോഴാണ് ബാൽക്കണിയിൽ നിന്നും തോക്കുചൂണ്ടി നിൽക്കുന്ന പോളിനെ കാണുന്നത്. ഉണ്ടയില്ലാത്ത ആ തോക്ക് കുരുവിള സാറിന്റെ വീട്ടിലെ കാഴ്ചവസ്തു മാത്രമാണിപ്പോൾ. തോക്കിനേക്കാൾ ഊക്ക് വാക്കിനുണ്ടെന്ന് കഥ വ്യക്തമാക്കുന്നു. പറഞ്ഞുകൊന്നാൽ പിടഞ്ഞു ചാവും എന്ന ചൊല്ല് വെളിപ്പെടുത്തുന്നതും അതുതന്നെയാണ്. അപരന്റെ വാക്കുകൾ നിങ്ങളുടെയുള്ളിൽ പിടച്ചിലുണ്ടാക്കുന്നുണ്ടെങ്കിൽ അതിനു പിന്നിൽ ചരിത്രപരമായ കാരണങ്ങളുമുണ്ടാകും.

ഓസ്ട്രേലിയയിൽ നിന്നും കേരളം സന്ദർശിക്കാൻ എത്തിയ സായിപ്പാണ് ലിയോപോൾ തോബിയാസ്. ഇല്ലാതാകുന്ന ഭാഷകളെക്കുറിച്ചു പഠിക്കലാണ് പ്രധാന ലക്ഷ്യം. ലിപികളില്ലാത്ത പറയഭാഷയായ പൊറളിനെക്കുറിച്ച് അറിയുമ്പോൾ തോബിയാസ് വിസ്മയചിത്തനാകുന്നുണ്ട്. കഥയിൽ കീഴാളസ്ഥാനത്തു വരുന്ന കഥാപാത്രമാണ് ജ്യോതി. സവർണ്ണ ക്രിസ്ത്യൻ കുടുംബമായ കുരുവിള സാറിന്റെ വീട്ടിൽ പരമ്പരാഗതമായി പണിയ്ക്കു നിൽക്കുന്ന കീഴാളകുടുംബത്തിലെ ഇളമുറക്കാരനാണയാൾ. കുരുവിള സാറിന്റെ മകൻ തമ്പി ചോതി എന്ന വിളിക്കുമ്പോൾ സായിപ്പ് പേരിന്റെ നടുനിവർത്തി ജ്യോതി എന്നാക്കുന്നു. അച്ചടിമലയാളത്തിൽ സായിപ്പ് സംസാരിക്കുമ്പോൾ തമ്പി പറയുന്ന "ഓ... ഞങ്ങൾക്കങ്ങനെ ഫാഷനൊന്നുമില്ല. ഇല്ലിയോടാ... ഇവൻ ചോതി ഇവന്റപ്പൻ നീലൻകുഞ്ഞ്. അപ്പന്റപ്പൻ കോന്നൻ. ഇവരൊക്കെ കാലങ്ങളായി ഇവിടുത്തെ പണിക്കാരാ."

പഴയഗ്രന്ഥങ്ങളിൽ നിന്നും ഭാഷാപരമായ സവിശേഷതകൾ കണ്ടെടുക്കൽ സായിപ്പിന്റെ ലക്ഷ്യമായിരുന്നു. ഒരുനാൾ കുരുവിള സാറിന്റെ ഗ്രന്ഥശേഖരം പരിശോധിച്ചുകൊണ്ടിരിക്കേ പഴയൊരു പ്രമാണവുമെടുത്ത് സായിപ്പ് ജ്യോതിയെ സമീപിക്കുന്നു. കുരുവിള സാറിന്റെ മുൻതലമുറയിലെ കാരണവരിലൊരാൾ ഒരു പറയനെ പണയം വാങ്ങിയ രേഖയായിരുന്നു അത്. പഴയകാലത്തെ പ്രമാണഭാഷയും അടിമക്കച്ചവടത്തിലെ ഭാഷാരീതിയും കണ്ടെത്താൻ സാധിച്ചതിൽ സായിപ്പ് ആഹ്ലാദിക്കുമ്പോൾ ജ്യോതിയുടെ കൈയിലിരുന്ന് ആ കടലാസുകൾ


ISSN: 2582 - 2594

വിറച്ചുകൊണ്ടിരുന്നു. ആ പ്രമാണം തന്റെ ചോരയിൽ സ്പർശിക്കുന്നതു പോലെ അയാൾക്കു തോന്നി. ഇതിൽ രേഖപ്പെടുത്തിയിരിക്കുന്ന പണയം വയ്ക്കപ്പെട്ട വെള്ള എന്ന പറയൻ തന്റെ ആരാകും എന്നാണ് ജ്യോതി ചിന്തിച്ചത്.

ആഫ്രിക്കയിലെ സുലുക്കളുടെ ഗോത്രഭാഷ പഠിക്കാൻപോയ വേളയിൽ താൻ കണ്ടെത്തിയ വിചിത്രമായ ആചാരത്തെക്കുറിച്ച് സായിപ്പ് ജ്യോതിയോട് വിശദീകരിക്കുന്നു. മരണാസന്ന നായ വ്യക്തിയോട് ഗോത്രഭാഷയിലെ ഏറ്റവും മോശം വാക്കുകൾ കൊണ്ടു യാത്രപറയുന്ന ചടങ്ങാണത്. ഘോരപദങ്ങളുടെ അകമ്പടിയോടെ തന്റെ ജീവിതം ആദ്യാവസാനം കേൾക്കുന്നയാൾ അതിവേഗം മരണത്തെ പുൽകുന്നു. സുലുക്കളുടെ ആചാരത്തെക്കുറിച്ച് സായിപ്പ് വിശദീകരിച്ചപ്പോൾ ഇവിടെയും അത്തരം ആചാരങ്ങളുണ്ടെന്ന് ജ്യോതി വ്യക്തമാക്കുന്നു. മധ്യകേരളത്തിൽ പ്രമാണിമാരും തറവാട്ടുകാരും മരിക്കാൻ കിടക്കുമ്പോൾ അവരെ വേദന യിൽ നിന്നു മോചിപ്പിക്കാൻ ഇത്തരം ചടങ്ങുകൾ നടത്തിയിരുന്നു. വിളിച്ചുചൊല്ലൽ എന്നാണു പേര്. ആദ്യകാലങ്ങളിൽ ഉള്ളാടരായിരുന്നു ഇതിനുവേണ്ടി നിയോഗിക്കപ്പെട്ടവർ. പിന്നീട് പുലയരും പറയരും ആചാരം ഏറ്റെടുത്തു. തന്റെ ചാച്ചൻ പലയിടത്തും വിളിച്ചുചൊല്ലലിനായി പോയിട്ടുണ്ടെന്ന് ജ്യോതി പറയുന്നു.

നീണ്ടപ്രാർത്ഥന പോലെയാണ് വിളിച്ചുചൊല്ലൽ. ഇഴഞ്ഞഴിഞ്ഞു പോകുന്ന ഒരു പാട്ടിന്റെ താളത്തിൽ മരിക്കാൻ കിടക്കുന്നവന്റെ ചെവിയിലേക്ക് തീക്കനമുള്ള തെറിവാക്കുകൾ പറഞ്ഞുനിറയ്ക്കുന്നു. അവയുടെ ആഘാതം സഹിക്കാനാവാതെ അയാൾ മരണത്തിന്റെ കൈ പിടിക്കുന്നു. മലയാളത്തിൽ ആകെ എത്ര തെറികളുണ്ടെന്ന് സായിപ്പ് ജ്യോതിയോട് അന്വേ ഷിക്കുന്നുണ്ട്. നല്ല വാക്കുകൾ ധാരാളമുള്ളപ്പോൾ സായിപ്പിനെന്തിനാണ് ചീത്തവാക്കുകൾ എന്നായി ജ്യോതി. ഒരു ഭാഷയിൽ ജീവിക്കുന്നവർക്ക് അവരുടെ രോഷവും സങ്കടവും നിസ്സഹായതയും പ്രകടിപ്പിക്കാൻ വേറെ എന്തു വഴിയാണുള്ളതെന്ന് വിശദീകരിച്ച് തെറിയുടെ രാഷ്ട്രീയം സായിപ്പ് വ്യക്തമാക്കുന്നു. പ്രാർത്ഥനാനിർഭരമായ തെറികളുടെ ഘോഷയാത്രയാണ് വിളിച്ചുചൊല്ലൽ. ചില മനുഷ്യരുടെ ജീവിതം തന്നെ നീണ്ടൊരു തെറിയാണല്ലോ. ജീവിതത്തിലുടനീളം തെറിയുടെ കൈപിടിച്ചവർ ആസന്നമൃതരാകുന്ന നിസ്സഹായാവസ്ഥയിൽ അതേ തെറികൾ തിരിച്ചടിയായിമാറുന്ന പകയുടെ ഭരണിപ്പാട്ട്.

കുരുവിള സാർ ആസന്നമരണനായി, ജീവിതത്തിന്റെയും മരണത്തിന്റെയും സൂചിക്കുഴയിലൂടെ ഇഴഞ്ഞുനീങ്ങുമ്പോൾ വിളിച്ചുചൊല്ലലിനായി ജ്യോതിയുടെ പിതാവ് നീലൻകുഞ്ഞെത്തുന്നു. നീലൻകുഞ്ഞിന്റെ ഭാര്യ നല്ലപെണ്ണിനെ വെടിവച്ചു കൊന്നതും മറ്റാരുമല്ല. മറ്റൊരു കഥയാണതെങ്കിലും അക്കഥയിൽ ദലിത് സ്ത്രീകൾ നേരിട്ട ലൈംഗികചൂഷണത്തിന്റെ നേർച്ചിത്രമുണ്ട്. കുരുവിള സാറിന്റെ വീട്ടിലെ വളർത്തുകുരങ്ങനാണ് നാഥു. വലുതായപ്പോൾ അവൻ ഇത്തിരി കുസൃതിക്കാരനായി. സ്ത്രീകൾ അരികിലൂടെ പോയാൽ നാഥുക്കുരങ്ങൻ തന്റെ ലിംഗം പ്രദർശിപ്പിക്കും. ഒടുവിൽ വീട്ടിലെത്തിയ അതിഥികൾക്കു മുന്നിൽ വച്ചും നാഥു നാണംകെടുത്തൽ തുടങ്ങിയപ്പോൾ അവനെ വെടിവെച്ചുകൊല്ലാൻ തീരുമാനിച്ചു. പക്ഷേ നാഥുവിനെ കൊല്ലാനുള്ള ശ്രമത്തിനിടയിൽ വെടികൊണ്ടത് നല്ല പെണ്ണിനാണ്. തന്റെ നിലയും വിലയും സംരക്ഷിക്കാൻ വേണ്ടി കുരുവിളസാർ നീലൻകുഞ്ഞിനെ കൊണ്ട് പാപഭാരം ഏറ്റെടുപ്പിച്ചു. തോക്ക് തുടച്ചുമിനുക്കുമ്പോൾ നീലൻകുഞ്ഞിന് അബദ്ധം പറ്റിയതാണെന്ന് പറഞ്ഞുപരത്തി.

അവസാനം നീലൻകുഞ്ഞ് കുറ്റമേറ്റ് ജയിലിലായി. കുരുവിള ധാരാളമായി കാശുമുടക്കിയെങ്കിലും മൂന്നരക്കൊല്ലം അയാൾ തടവറയിൽ കിടന്നു. നല്ലപെണ്ണിനെ തന്നെയാണ് താൻ ലക്ഷ്യംവെച്ചതെന്ന സത്യം പിന്നീട് മദ്യലഹരിയിൽ കുരുവിളയിൽ നിന്നും പുറത്തുവരുന്നുണ്ട്. ഇടയ്ക്കിടെ നല്ലപെണ്ണിനെ ശല്യംചെയ്തുകൊണ്ടിരുന്ന തന്റെയുള്ളിലെ കുരങ്ങനെ, അവൾ ഭാര്യയെ അറിയിച്ചാലോ എന്ന ഭയത്താലാണ് നല്ലപെണ്ണിനെ അയാൾ കൊല്ലുന്നത്.

കഥാന്ത്യത്തിൽ, മരണാസന്നനായ കുരുവിള സാറിന് നീലൻകുഞ്ഞിനെക്കൊണ്ട് വിളിച്ചുചൊല്ലൽ നടത്തുകയാണ് വീട്ടുകാർ. വിളിച്ചുചൊല്ലലിനിടെ നീലൻകുഞ്ഞ് കുരുവിള സാറിനോടു പറയുന്ന കഥയിൽ അടിമത്തത്തിന്റെ നീണ്ടചരിത്രമുണ്ട്. കീഴാളർ അനുഭവിച്ച ദുരിതങ്ങളുടെ ഭാരമുള്ള കടം തെറിവാക്കുകൊണ്ട് വീട്ടാനാകില്ലെന്ന സത്യം നീലൻകുഞ്ഞ് വ്യക്തമാക്കുന്നു. കുരുവിളയനുഭവിക്കുന്ന മരണവേദന കീഴാളൻ അനുഭവിച്ച ജീവിതവേദനയോളം വരില്ലെന്നും അയാളുടെ ചെവിയിൽ മന്ത്രിക്കുന്നു. ആ തിരിച്ചറിവിൽ സ്വയമറിയാതെ കുരുവിള മരണത്തിന്റെ കൈപിടിച്ചുപോകുന്നു.

സായിപ്പ് ജ്യോതിയുടെ വീട്ടിൽ സന്ദർശകനായെത്തുന്ന ദിവസമാണ് പറയഭാഷയായ പൊറളിനെപ്പറ്റി മനസ്സിലാക്കുന്നത്. രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ ചാച്ചൻ പ്രേതംതുള്ളലിന്റെ പാട്ട് കീഴ്സ്ഥായിൽ പാടാൻ തുടങ്ങി. ചത്തുപോയ അമ്മയെ പാട്ടുപാടി വിളിച്ചുവരുത്തുകയാണയാൾ. രാത്രിയെ വർത്തമാനം പറഞ്ഞു വെളുപ്പിക്കലാണ് ലക്ഷ്യം. പ്രേതംതുള്ളലിന്റെ പാട്ടും വർത്തമാനവും കേട്ടപ്പോൾ ഇതേതു ഭാഷ എന്നായി സായിപ്പ്. ലിപികളില്ലാത്ത പറയഭാഷയായ പൊറളിനെപ്പറ്റി ജ്യോതി വിശദീകരിക്കുന്നു. ചൊണ്ണിക്കുക (പറയുക) കോന്ത (വീട്) എത്താളി (സന്തോഷം) വെങ്ങണിക്ക (തേങ്ങ) പേട (ഇറച്ചി) നെടുവാലി (കപ്പ) ചെതമ്പ (മീൻ) ഞോർണി (ചോറ്) മെറ്റുക (തിന്നുക) കൊങ്കരമുട്ട് (അന്നനാളം) പെങ്കണത്തി (സ്ത്രീ) കൊളുവ (വായ) മണ്ണം (കള്ളുഷാപ്പ്) പൊറുന്തി (വയറ്) മിളിന്തി (കണ്ണ്) ചെറയ്ക്കുക (കൊല്ലുക) തുടങ്ങിയ പറയഭാഷയിലെ തനതുപദങ്ങൾ പ്രേതംതുള്ളലിൽ കടന്നുവരുന്നു. പൊറളിലെ സവിശേഷ വാക്കുകളെ മലയാളത്തിന്റെ വ്യാകരണവുമായി കൂട്ടിക്കെട്ടിയാണ് പറയർ സംസാരിക്കുക.

ശക്തമായ രാഷ്ട്രീയാവിഷ്കരണമുള്ള മറ്റൊരു കഥയാണ് പറയപ്പതി. കുടിയിറക്കപ്പെട്ട അനേകം മനുഷ്യരുടെ പ്രതിനിധിയായി പ്രധാനകഥാപാത്രമായ കുഞ്ഞാളി മാറുന്നു. വികസനത്തിന്റെ പേരിൽ വീടും കുടിയും നഷ്ടപ്പെട്ട് എങ്ങുമെത്താതെ അലയുന്ന മനുഷ്യരുടെ പ്രതിനിധിയാണയാൾ. ഒരുവശത്ത് വികസനവും മറുവശത്ത് കീഴാളരും വരുമ്പോൾ മനുഷ്യനേക്കാൾ വിലയുള്ളതായി വികസനസങ്കല്പങ്ങൾ മാറും. കുടിയിറക്കപ്പെടുന്നവർ കീഴാളരാകുമ്പോൾ ഇവയെല്ലാം അനുഭവിക്കൽ അവരുടെ ബാധ്യതയാണെന്ന വരേണ്യബോധവും പ്രവർത്തിച്ചുതുടങ്ങും.

“മോദി സർക്കാർ അധികാരത്തിൽവന്ന അന്നാണ് കുഞ്ഞാളി എന്നെ കാണാൻ വന്നത്. ഓഫീസിലാകട്ടെ ആ സമയത്ത് വലിയ തിരക്കായിരുന്നു. ” പറയപ്പതിയിലെ ആദ്യ വാചകങ്ങളാണിവ. കഥാകൃത്ത് ഓഫീസിൽ വാർത്തകളുമായി മല്ലിടുമ്പോഴാണ് അപ്രതീക്ഷിതസന്ദർശകനായി കുഞ്ഞാളിയെത്തുന്നത്. ആ പേരു തന്നെ അയാളെ ഞെട്ടിക്കുന്നുണ്ട്. അത്തരമൊരു പേര് അതിനുമുമ്പ് അയാൾ കേട്ടിരുന്നില്ല. പ്ലാസ്റ്റിക് കവറിൽ നിന്നും കുറേ മുഷിഞ്ഞ കടലാസുകൾ നീട്ടിക്കൊണ്ട് അവ വായിക്കണമെന്നും ചാനലിൽ വാർത്തയാക്കണമെന്നും

കുഞ്ഞാളി ആവശ്യപ്പെടുന്നു. ശബരി റെയിൽപ്പാതക്കായി സ്ഥലംവിട്ടു നൽകേണ്ടി വരുന്നവരുടെ പരിദേവനങ്ങളായിരുന്നു അയാൾ കൊണ്ടുവന്ന കടലാസുകൾ നിറയെ. സംഗതി വാർത്തയായാൽ, അധികാരികളുടെ ശ്രദ്ധയിലെത്തിയാൽ തങ്ങൾ രക്ഷപ്പെട്ടേക്കുമെന്നായിരുന്നു ആ പാവത്തിന്റെ വിചാരം.

വീടിന്റെ ഭിത്തിയിൽ ഇന്ത്യൻ റെയിൽവേ ചാപ്പ കുത്തിയിട്ട് 17 കൊല്ലമായെന്നു കുഞ്ഞാളി. ചാപ്പ കുത്തിയതിനാൽ സ്ഥലം വിൽക്കാൻ പറ്റുന്നില്ല. ലോൺ തരാൻ ബാങ്കുകൾ സമ്മതിക്കുന്നില്ല. പകരം വേറെ സ്ഥലം തരാമെന്ന് ഉദ്യോഗസ്ഥന്മാർ പറഞ്ഞെങ്കിലും അതും നടന്നില്ല. തന്റെ മക്കൾ കുഞ്ഞായിരുന്നപ്പോൾ അളന്നു പോയതാണ് സ്ഥലം. "ഇപ്പോൾ അവരെ കെട്ടിക്കാൻ പ്രായമായി." എങ്കിലും ഒരു തീരുമാനവും ഇല്ലാതെ നീണ്ടുപോകുന്നു. ശബരി റെയിൽപ്പാതയ്ക്കായി സ്ഥലം ഏറ്റെടുത്തെങ്കിലും പദ്ധതി മുന്നോട്ടുനീങ്ങിയില്ല എന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം വസ്തുതയാണ്. ഇപ്രകാരം വികസനത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ അവിടെ വസിക്കുന്ന മനുഷ്യർ നേരിടുന്ന പ്രയാസങ്ങളെയാണ് കഥയിൽ പ്രശ്നവൽകരിക്കുന്നത്.

വാർത്തയുടെ വിശദവിവരങ്ങൾ ശേഖരിക്കാൻ കുഞ്ഞാളിയുടെ വീട്ടിൽ കഥാകൃത്തെത്തുന്നു. വീടിന്റെയും പരിസരത്തിന്റെയും വിവരണം ദളിത് ജീവിതത്തിന്റെ ദാരിദ്ര്യവും ഒറ്റപ്പെടലും കൃത്യമായി അടയാളപ്പെടുത്തുന്നു. "കാട്ടപ്പകൾ നിറഞ്ഞ ചരിവിനു താഴെ ഒരു വീട്. ഓടുമേഞ്ഞതാണ്. ചുവരുകൾ തേച്ചിട്ടില്ല. മുറ്റത്തേക്കിറങ്ങാൻ കുത്തുകല്ലുകൾ ഉണ്ട്. നീളൻ വരാന്തയും ഉറക്കത്തിയ തൂണുകളും. മുറ്റത്ത് ഒരു സ്ത്രീയിരുന്ന് മുറം നെയ്യുന്നുണ്ടായിരുന്നു." കീഴാള ജീവിതത്തിന്റെ ദൈന്യങ്ങളെ വീടിന്റെയും പരിസരത്തിന്റെയും സൂക്ഷ്മവിവരണങ്ങളിലൂടെ ഒപ്പിയെടുക്കാൻ കഥാകൃത്തിന് സാധിക്കുന്നു.

പൂർവ്വികരെ അടക്കിയ മണ്ണാണ് പറയപ്പതി. കാരണവന്മാരെയും അപ്പനപ്പൂപ്പൻമാരെയും കുടിയിരുത്തിയ സ്ഥലം. പറയസമുദായത്തെ സംബന്ധിച്ചിടത്തോളം വിശ്വാസപരമായി ഏറെ പ്രാധാന്യമുള്ള സ്ഥലമാണത്. തീവണ്ടിപ്പാത വരുന്നതോടെ മണ്മറഞ്ഞവരുടെ തലയ്ക്കു മുകളിലൂടെ ഇരുമ്പുചക്രമുരുളും. തങ്ങളുടെ കാരണവൻമാർ എങ്ങോട്ടു പോകുമെന്ന് കുഞ്ഞാളി ചോദിക്കുന്നു. ഈ മണ്ണു വിട്ടുപോകാൻ കാരണവന്മാർക്കാവില്ല. അമ്പലമോ പള്ളിയോ ആയിരുന്നെങ്കിൽ മതം വെച്ച് കളിക്കാമായിരുന്നു. ധാരാളം ആളും കൂട്ടും. പക്ഷേ പറയരുടെ കാരണവന്മാരുടെ കാര്യമായതിനാൽ ആർക്കും താൽപര്യമില്ല. കീഴാളദൈവങ്ങളും വിശ്വാസങ്ങളും അവഗണിക്കപ്പെട്ടതിന്റെ സൂക്ഷ്മരാഷ്ട്രീയം കൂടി കഥ വ്യക്തമാക്കുന്നു.

ദുരിതങ്ങൾ വാർത്തയാക്കി ജനശ്രദ്ധയിലെത്തിച്ചാൽ സർക്കാരിന്റെ ഭാഗത്തുനിന്ന് അതിവേഗ നടപടി ഉണ്ടാകുമെന്നാണ് പാവത്തിന്റെ വിചാരം. കീഴാളന്റെ സങ്കടം വാർത്തയാക്കാൻ കോർപ്പറേറ്റ് മാധ്യമങ്ങൾക്കും ചാനലുകൾക്കും താല്പര്യമില്ല. അതേസമയം ജനപ്രിയതാല്പര്യങ്ങളുടെ പിന്നാലെ പത്രക്കാർ പറയുന്നു. ചാനൽ സ്ഥിതി ചെയ്യുന്ന നഗരത്തിലും പരിസരത്തുമായി നടന്ന ജനപ്രിയസിനിമയുടെ ഷൂട്ടിംഗിനെപ്പറ്റി വാർത്തകൾ ചെയ്യുന്നു. ഭരണത്തിലുള്ള പാർട്ടിയുടെ നേതാവിന്റെ എൺപതാം പിറന്നാൾ ചാനലുകൾ ആഘോഷിക്കുന്നു. അതുകഴിഞ്ഞപ്പോൾ മുനിസിപ്പൽ അധികൃതർ സംഘടിപ്പിച്ച കുക്കറിഷോയെപ്പറ്റി വാർത്തകൾ ചെയ്യുന്നു. ജനാധിപത്യത്തിന്റെ നാലാംതൂണെന്ന് വിശേഷിപ്പിക്കപ്പെട്ട മാധ്യമ

ങ്ങൾ കച്ചവടവൽക്കരിക്കപ്പെട്ടപ്പോൾ സാധാരണക്കാരന്റെ ആവശ്യങ്ങളെ ചവറ്റുകൊട്ടയിൽ തള്ളുന്നതിന്റെ ദുരന്തചിത്രവും കഥ വ്യക്തമാക്കുന്നു. കോർപ്പറേറ്റ് മാധ്യമങ്ങൾ ജനവിരുദ്ധ മാവുക മാത്രമല്ല കൃത്രിമമായ പൊതുബോധം സൃഷ്ടിച്ചെടുക്കുകയും ചെയ്യുന്നു.

പതിയിലെ കാരണവന്മാർ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ജാതിമേധാവിത്വത്തിന്റെ ദുരിതങ്ങൾ അനുഭവിച്ചവരാണ്. മരിച്ചുകഴിഞ്ഞ് പറയപ്പതിയിൽ കുടിയിരിക്കുമ്പോഴും അവർക്ക് രക്ഷയില്ല. നാളെ ഇന്ത്യൻ റെയിൽവേ പതിയ്ക്കു മേലെ കുതിച്ചുപാഞ്ഞേക്കാം. പതിയിലെ കാരണവന്മാരെ പറ്റി കുഞ്ഞാളി വിശദീകരിക്കുന്നത് ഇങ്ങനെയാണ്. "എല്ലാം ഞങ്ങളുടെ മൺമറഞ്ഞ കാരണവന്മാരാണ്. കള്ളും കോഴിയും ആണ് നിവേദ്യം. വടക്ക് ഇരിക്കണത് തേവൻ വല്യപ്പൻ. ഇല്ലത്തെ പുള്ളിപ്പശുവിന്റെ നോട്ടക്കാരനായിരുന്നു. പുള്ളിപ്പശു പാമ്പുകടിയേറ്റ് ചത്തപ്പോൾ പിന്നെ നോട്ടക്കാരൻ എന്തിനാ... വല്യപ്പനേം അതേ കുഴിയിലിട്ടു മൂടി. തെക്കിരിക്കണത് മാത്തിരി അമ്മായി. ഞാറു നടുന്നതിനിടയിൽ കുഞ്ഞിനു മുലകൊടുക്കാൻ കരയിൽ കയറിയതിന് തമ്പ്രാക്കന്മാർ മുല രണ്ടും അരിഞ്ഞുകളഞ്ഞ ഞങ്ങളുടെ കുലദേവത. പിന്നെയുള്ളത് കുഞ്ഞപ്പൻ കൊച്ചാട്ടൻ. താളിയോടിക്കാൻ തിണ്ടുകയറിയപ്പോൾ വഴിയെ പോയവനെ തീണ്ടിതിന് തല്ലിക്കൊന്നതാണ്." നൂറ്റാണ്ടുകളായി ജാതിപതിത്വത്തിന്റെ പേരിൽ മനുഷ്യരെന്ന പരിഗണന പോലും ലഭിക്കാതിരുന്നവരുടെ നേർച്ചിത്രങ്ങളാണ് കാരണവന്മാരുടെ ചരിത്രങ്ങളിലും നിറഞ്ഞുനിൽക്കുന്നത്.

താനും ഒരു പറയനാണെന്ന രഹസ്യം കഥാകൃത്ത് കുഞ്ഞാളിയോട് സ്വകാര്യമായി പറയുന്നുണ്ട്. അതുകേട്ടപ്പോൾ പൊട്ടിച്ചിരിച്ചുകൊണ്ട് കുഞ്ഞാളി പറഞ്ഞു, "ആരോടും പറയണ്ട... ഓഫീസിലൊക്കെ അറിഞ്ഞാ രഹസ്യമായൊരു തീണ്ടൽ വരും. സ്വന്തം കുലം പറയാൻ ജോലിയും പത്രാസുമുള്ള ചില പറയൻമാർ മടിയ്ക്കുന്നതും അതുകൊണ്ടാ..." നാം ഇപ്പോഴും നേരിടുന്ന ജാതീയതയുടെ അനുഭവസാക്ഷ്യമാണ് കുഞ്ഞാളിയുടെ മറുപടിയിൽ നിറയുന്നത്. നവോത്ഥാനം കൈവരിച്ച പ്രബുദ്ധകേരളത്തിൽ ജാതിബോധം പരോക്ഷമായി പ്രവർത്തിക്കുന്നു. ആധുനിക മനുഷ്യരെന്ന് മേനിനടിക്കുന്ന നാം ജാതിബോധത്തെ പരസ്യമായി പ്രകടിപ്പിക്കാതെ വീടുകങ്ങളിലും സ്വകാര്യ ഇടങ്ങളിലും നിരന്തരം കൊണ്ടുനടക്കുന്നു.

കുഞ്ഞാളിയുടെ രാഷ്ട്രീയബോധ്യം ജീവിതത്തിന്റെ തീക്ഷ്ണാനുഭവങ്ങളിൽ നിന്നും അയാൾ തിരിച്ചറിഞ്ഞതാണ്. അയാൾ കഥാകൃത്തിനോട് ചോദിക്കുന്നു. "ശ്രീമൂലം സഭയിൽ അംഗമായിരുന്ന കാവാരിക്കുളം കണ്ടൻകുമാരനെ ആരറിയും. പറയനായിരുന്നു. ചരിത്രം സൗകര്യപൂർവ്വം അദ്ദേഹത്തെ മറന്നുകളഞ്ഞില്ലേ". നാം കാണാതെപോയ അക്ഷരങ്ങളിൽ, ചരിത്രത്തിൽ കാവാരിക്കുളം കണ്ടൻകുമാരൻ മാത്രമല്ല, അനേകം പ്രതിഭകളുമുണ്ട്. പറയപ്പതിയ്ക്ക് വേണ്ടി കുഞ്ഞാളി വീണ്ടും വാദിക്കുമ്പോൾ കഥാകൃത്ത് ചോദിക്കുന്നു. "മരിച്ചവർ മരിച്ചു. ജീവിച്ചിരിക്കുന്ന നിങ്ങളോ..." അപ്പോഴാണ് കുഞ്ഞാളി തിരിച്ചടിക്കുന്നത്. "ഒന്ന് ചോദിച്ചോട്ടെ സാറേ, ഞങ്ങളെപ്പോലുള്ളവർ എന്നാണ് ജീവിച്ചിട്ടുള്ളത്."

വികസനത്തിനുവേണ്ടി ഒഴിപ്പിക്കപ്പെടുന്ന മനുഷ്യരുടെ സങ്കടങ്ങളാണ് പറയപ്പതിയിൽ മനോജ് വരച്ചിടുന്നത്. ഭൂമിയ്ക്കുമേലുള്ള ഉടമസ്ഥാവകാശവും അധികാരവും കീഴാളന് വിധിക്കപ്പെട്ടിട്ടില്ല. ഫ്യൂഡലിസ്റ്റ് കാലഘട്ടത്തിൽ അവൻ അടിയാനോ കുടിയാനോ മാത്രമായിരുന്നു. വികസനത്തിന്റെയും ആധുനികതയുടെയും ശാസ്ത്രയുഗത്തിലും അവനു രക്ഷയില്ല. വികസന

 ISSN: 2582 - 2594

ത്തിന്റെ പേരിൽ കുടിയൊഴിപ്പിക്കപ്പെട്ട നിരവധി മനുഷ്യർ പിന്നീട് നാടോടികളോ തെരുവുമനുഷ്യരോ ആയി മാറ്റപ്പെട്ടു. അവരെ പുനരധിവസിപ്പിക്കുന്നതിന് ഭരണകൂടം തയ്യാറായതുമില്ല.

പറയഭാഷയെ പറ്റിയും കഥ സൂചനകൾ നൽകുന്നു. പാടത്ത് പണിയെടുക്കുമ്പോൾ വരമ്പത്തുനിൽക്കുന്ന കാര്യസ്ഥന് മനസ്സിലാകാത്ത ഭാഷയാണത്. അതിനു ലിപികളില്ല. താമസിയാതെ പറയഭാഷയും വംശനാശം സംഭവിച്ച ഭാഷകളുടെ കൂട്ടത്തിലാകും. കീഴാളഭാഷ പറയുന്നതോടൊപ്പം ദളിത്ജീവിതസത്യങ്ങളെ ഉരുക്കിയൊഴിക്കുക കൂടിയാണ് കഥാകൃത്ത് ചെയ്യുന്നത്.

ബഹുമുഖവും ബഹുസ്വരവുമാണ് സമകാലികസാഹിത്യം. കണ്ടില്ലെന്നു നടിച്ച് ഓരത്തേക്ക് മാറ്റിനിർത്തിയ മനുഷ്യരുടെ സ്വരങ്ങൾ സമകാലികചെറുകഥയിൽ ശക്തമായി മുഴങ്ങുന്നു. മുഖ്യധാരാചരിത്രത്തിന്റെ ഏട്ടുകളിൽ ദളിത് ജനതയെ കാണണമെന്നില്ല. കാണുന്നീലൊരക്ഷരവും എന്റെ വംശത്തെപ്പറ്റി എന്ന പൊയ്കയിൽ അപ്പച്ചന്റെ വിലാപം വർത്തമാനകാലഘട്ടത്തിലും പ്രസക്തമാണ്. മൃഗസമാനമായ ജീവിതം നയിച്ച് അരികുകളിലേക്ക് മാറ്റിനിർത്തപ്പെട്ടവരാണവർ. ചരിത്രം രാഷ്ട്രീയനിർമ്മിതി കൂടിയാണ്. അധികാരത്തിന്റെയും ഭരണകൂടത്തിന്റെയും നിയന്ത്രണങ്ങൾക്കുള്ളിലാണ് ചരിത്രത്തിന്റെ രൂപപ്പെടൽ സാധ്യമാകുന്നതെന്ന സത്യം അവഗണിക്കപ്പെട്ട ദലിത്ചരിത്രം വെളിപ്പെടുത്തുന്നു. വയലിൽ പണി ചെയ്തു തളർന്നുവരുന്ന തന്റെ അമ്മയുടെ നിശ്വാസത്തോളം വരില്ല സവർണ്ണസാഹിത്യം എന്ന രാഘവൻ അത്തോളിയുടെ വിലയിരുത്തൽ കീഴാളസാഹിത്യത്തിന്റെ ഉൽകൃഷ്ടതയെ സൂചിപ്പിക്കുന്നു.

### ഗ്രന്ഥസൂചി


1. മനോജ് വെങ്ങോല, പൊറള്, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2022.
2. മനോജ് വെങ്ങോല, പറയപ്പതി, യെസ് പ്രസ്സ് ബുക്സ്, പെരുമ്പാവൂർ, 2016.
3. രാജേഷ് ചിറപ്പാട് (എഡിറ്റർ), ദലിത് വർത്തമാനം, മൈത്രി ബുക്സ്, തിരുവനന്തപുരം, 2022
4. പ്രദീപൻ പാമ്പിരിക്കുന്ന്, ദലിത് പഠനം: സ്വത്വം സംസ്കാരം സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2007
5. കെ. വി. ശശി, കീഴാളവിമർശം, മലയാളം സർവകലാശാല പ്രസിദ്ധീകരണം, തിരൂർ, 2019
6. കെ. കെ. കൊച്ച്, ദലിത് നേർക്കാഴ്ചകൾ, റെയ് വൻ പബ്ലിക്കേഷൻസ്, 2013